**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നെയ്യാറ്റിൻകര നഗരസഭ — സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ.എൽ.ഉദയകുമാറിന് വിദേശത്ത് ജോലി സ്വീകരിക്കുന്നതിന് 5 (അഞ്ച്) വർഷത്തേയ്ക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

==============================================================

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം.3437/2016/തസ്വഭവ                    തിരുവനന്തപുരം, തീയതി : 17/12/2016

---

പരാമർശം :
1) ശ്രീ.കെ.എൽ.ഉദയകുമാർ നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിച്ച 27/11/2015 തീയതിയായുള്ള അപേക്ഷ.
2) നെയ്യാറ്റിൻകര നഗരസഭാ കൗൺസിലിന്റെ 02/02/2016 ലെ 12(6) നമ്പർ തീരുമാനം.
3) നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറിയുടെ 15/02/2016 ലെ ഇ 4/26212/15 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 22/02/2016, 13/07/2016 തീയതികളിലെ ഇ 2-3625/16 നമ്പർ കത്തുകൾ

## ഉത്തരവ്

നെയ്യാറ്റിൻകര നഗരസഭയിൽ സാനിട്ടേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.കെ.എൽ.ഉദയകുമാറിന് വിദേശത്ത് ജോലി സ്വികരിക്കുന്നതിന് 5 (അഞ്ച്) വർഷത്തെ ശൂന്യവേതനാവധി അനുവദിക്കുന്നതിലേക്കായി നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി മുഖേന സമർപ്പിച്ച പരാമർശം (1) ലെ അപേക്ഷ നഗരകാര്യ ഡയറക്ടർ ശുപാർശചെയ്ത് പരാമർശം (4) ലെ കത്ത് പ്രകാരം സർക്കാരിന് ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.കെ.എൽ.ഉദയകുമാറിന്റെ അവധികാലയളവ്, പ്രൊമോഷൻ, ഇൻക്രിമെന്റ്, ഹയ്യർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി, മറ്റു അവധി എന്നിവക്ക് കണക്കാക്കുന്നതല്ലായെന്നും അവധികാലയളവിൽ പ്രൊമോഷൻ ലഭിക്കുന്ന ജൂനിയർ ഉദ്യോഗസ്ഥന്റെ മേൽ സീനിയോറിറ്റിക്ക് അർഹതയില്ലയെന്നും അവധിയിൽ പ്രവേശിക്കുന്ന തീയതിയിൽ ടിയാൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ ടിയാന്റെ മുൻകാല സേവനം നഷ്ടമാകും വിധം ജോലിയിൽ പുതിയതായി പ്രവേശിക്കേണ്ടതാണെന്നുമുള്ള നിബന്ധനയിൽ, ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്ക് ശേഷം 5 (അഞ്ച്) വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നതിന് കേരള സർവ്വീസ് റൂൾസ് ഭാഗം-1, അനുബന്ധം.XII A പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

3. ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ 6 മാസത്തിനുള്ളിൽ ടിയാൻ അവധിയിൽ പ്രവേശിച്ചില്ലെങ്കിൽ ഉത്തരവ് സ്വമേധയാ റദ്ദാകുന്നതും, അവധി തീരുന്ന മുറയ്ക്ക് തിരികെ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ, അച്ചടക്ക നടപടി സ്വീകരിച്ച് ജോലിയിൽ നിന്നും പിരിച്ചുവിടപ്പെടുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രമേശൻ. എം.കെ
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.കെ.എൽ.ഉദയകുമാർ, സാനിട്ടേഷൻ വർക്കർ, നെയ്യാറ്റിൻകര നഗരസഭ
(നെയ്യാറ്റിൻകര നഗരസഭാ സെക്രട്ടറി മുഖേന)
സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ
(ശൂന്യവേതനാവധി സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പുവരുത്തണമെന്ന അഭ്യർത്ഥനയോടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ